(സി) വിവിധ സ്ഥലങ്ങളിലായി തൊഴിൽ പ്രശ്നങ്ങൾ ഉണ്ടായതിനാൽ കരാർ ജോലികൾ തുടരാൻ സാധിക്കാത്ത ഒരു അവസ്ഥ ഉണ്ടായി. എന്നാൽ യൂണിയനുകളുമായി ചർച്ചകൾ നടത്തി ഇപ്പോൾ പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. മഴ മാറിയാലുടൻതന്നെ ബാക്കി കരാർ ജോലികൾ പൂർത്തിയാക്കാമെന്ന് കോൺട്രാക്ടർ ഉറപ്പ് നൽകിയിട്ടുണ്ട്.

കടിയങ്ങാട് പാലം നിർമ്മാണം

240 (5325) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടിയങ്ങാട് പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ചത് എപ്പോഴാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാലം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(ഡി) പാലം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കടിയങ്ങാട് പാലം നിർമ്മിക്കുന്നതിന് 14-8-2009-ലെ സ.ഉ.(സാധാ) നമ്പർ 1185/09/പൊ.മ.വ. പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതിയും 9-12-2014-ലെ 95/CE/R/2014-15/95 നമ്പർ നടപടിക്രമങ്ങൾ പ്രകാരം 495.60 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ബി-ഡി) 28-1-2015-ന് പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ സ്വീകരിച്ച് 9% അധിക നിരക്കിൽ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം 23-6-2015-ൽ ചേർന്ന സെക്രട്ടറിമാരുടെ കമ്മിറ്റി അംഗീകരിച്ചു. 21-7-2015-ലെ സ.ഉ.(സാധാ) നമ്പർ 1039/15/പൊ.മ.വ. പ്രകാരം ടെണ്ടർ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പാലം നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കാൻ കഴിയും.

കുന്ദംകുളം ഠൗണിൽ ഫ്ലൈ ഓവർ

241 (5326) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ കുന്ദംകുളം ഠൗണിലാണ് ഏറ്റവും കൂടുതൽ ഗതാഗത തിരക്കും ട്രാഫിക് ജാമും അനുഭവപ്പെടുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് കുന്ദംകുളം ഠൗണിൽ ഫ്ലൈഓവർ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പദ്ധതികളൊന്നും പരിഗണനയിലില്ല.

കാരപ്പുർ മെഡിക്കൽ കോളേജ് റോഡ് പരിഷ്കരണ പദ്ധതി

242 (5327) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കാരപ്പുർ മെഡിക്കൽ കോളേജ് റോഡ് പരിഷ്കരണ പദ്ധതി നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സർക്കാരിൽ ഇതിന്റെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ ;

(സി) പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) നിലവിലുണ്ട്. ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

243 (5328) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മരാമത്ത് പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) എല്ലാ പ്രവൃത്തികൾക്കും സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly